കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 11.10.2025 മുതൽ 15.10.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 41/2025 (81) വെള്ളിയാഴ്ച | തീയ്യതി 10/10/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 11.10.2025 | 12.10.2025 | 13.10.2025 | 14.10.2025 | 15.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 0.2 | 2 | 0.3 | 0.2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 2 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 250 | 250 | 290 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 6 | 7 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 10 മുതൽ 13 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത..

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| തെങ്ങ് | കുമ്പുചീയൽ | മണ്ടവൃത്തിയാക്കിയ ശേഷം 10 ശതമാനം ബോർഡോപേസ്റ്റ് പുരട്ടുകയും ഒരുശതമാനം ബോർഡോമിശ്രിതം തളിച്ച്കൊടുക്കുകയും ചെയ്യുക |
| ജാതി | അസാധാരണഇല പൊഴിച്ചിൽ | ഒരു ശതമാനം ബോർഡോമിശ്രിതം വിളകളിൽ തളിച്ച്കൊടുക്കുകയും കോപ്പർ ഹൈഡ്രോക്സൈഡ്കടക്കുചുറ്റും മണ്ണിൽ ഒഴിച്ച്കൊടുക്കുകയും ചെയ്യുക. അല്ലെങ്കിൽ ഒരു ശതമാനം ബോർഡോമിശ്രിതം വിളകളിൽ തളിച്ച്കൊടുക്കുകയും ട്രൈക്കോഡെർമ്മ ചുവട്ടിൽ ഇട്ടുകൊടുക്കുകയും ചെയ്യുക. |
| വിവിധവിളകളിൽ | വലിയ ആഫ്രിക്കൻ ഒച്ച് | വീര്യംകുറഞ്ഞ തുരിശ് ലായനി (3 ഗ്രാം/ ലി.) / കോപ്പർ ഓക്സിക്ലോറൈഡ് (3 ഗ്രാം/ ലി.)/ പുകയിലകഷായവുംതുരിശുംചേർന്നമിശ്രിതംതളിച്ച്കൊടുക്കാം. വിളകൾക്ക്ചു ചുറ്റുംകുറഞ്ഞഎണ്ണംഒച്ചുകൾ മാത്രമേഉള്ളൂഎങ്കിൽ ബ്ലീച്ചിങ്പൌഡർ / തുരിശ്കടക്കുചുറ്റുംഇട്ടുകൊടുക്കാം. പപ്പായഇലകൾ / കാബ്ബജ്ഇലകൾ എന്നിവനനഞ്ഞചണച്ചാക്കുകൊണ്ട്മൂടി (കെണി) ഒച്ചുകളെആകർഷിച്ചുപിറ്റേന്ന്രാവിലെഉപ്പുവെള്ളംഉപയോഗിച്ച്കെണിയിലായഒച്ചുകളെനശിപ്പിക്കാവുന്നതാണ്. മരങ്ങളുടെകടഭാഗത്തെകേടായതൊലിനീക്കിയശേഷംകാർബോസള്ഫാൻ 0.25 % / 10 % ബോർഡോകുഴമ്പ്തേച്ചുകൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം-: ചെള്ള് , ഈച്ച, പേൻ തുടങ്ങിയ ബാഹ്യ പരാധങ്ങളെ ഒഴിവാക്കാൻ വിദഗ്ധോപദേശം തേടുക വിര മരുന്നുകളും പ്രതിരോധ കുത്തിവെപ്പുകളും വെറ്ററിനറി ഡോക്ടറുടെ നിർദേശ പ്രകാരം കൃത്യമായി ചെയ്യുക. (CAADECCS, KVASU, Mannuthy)